ഒരാസ്വാദനം

# സ്വർഗ്ഗരാജ്യം ഭൂമിയിൽ

by ജോൺ കുന്നത്ത്

സ്വീകരിച്ചുപോയ ധാരണകളെ ശരിയാണെന്ന് സ്ഥാപിക്കാനുള്ള മനുഷ്യന്റെ വ്യഗ്രത, ഇന്നും എന്നും നിലനിൽക്കുന്നു. ശരിയായ സത്യാന്വേഷണത്തിനിറങ്ങുന്നവർ തുലോം കുറവാണ്. ശരിയായ സത്യത്തെ പുന:സ്ഥാപിക്കാൻ ശ്രമിക്കുന്നവർ ക്രൂശിക്കപ്പെടുന്നു. അതേ അനുഭവത്തിന്റെ ഇരകളായിത്തീർന്ന ക്രൈസ്തവ സമൂഹവും, ക്രൂശിക്കപ്പെട്ടവന്റെ പാതയിൽ നിന്നും ക്രൂശിക്കുന്നവരുടെ പാതയിലേക്ക് വ്യതിചലിച്ചുകൊണ്ടിരിക്കുന്നു. ഇതു മനസ്സിലാക്കുന്ന നേതാക്കൾ പോലും “എസ്റ്റാബ്ലിഷ്മെന്റിനെ” താങ്ങിനിർത്താൻ വേണ്ടി അന്ധരും ബധിരരുമായി അഭിനയിക്കുന്നു. ഈ സന്ദർഭത്തിൽ സത്യത്തെ മനസ്സിലാക്കി കൊടുക്കാൻ, വേദോപദേശങ്ങളെ ശരിയായി അപഗ്രഥിക്കാൻ, ചരിത്ര സത്യങ്ങളിലൂടെ കൈപിടിച്ചു നടത്താൻ, ശ്രീ. ജോൺ കുന്നത്തു രചിച്ച “സ്വർഗ്ഗരാജ്യം ഭൂമിയിൽ” പോലെയുള്ള ഗ്രന്ഥങ്ങൾക്ക് കഴിയും.

ഒരു അദ്ധ്യാപകൻ കൂടിയായ രചയിതാവ്, ലളിതമായ ആഖ്യാനത്തിലൂടെ, ഉപമകളിലൂടെ ആത്മീകതയുടേയും, ദൈവീകതയുടേയും അറിവിന്റെ ഒരു വലിയ കലവറ, വായനക്കാരൻ തുറന്നു കാട്ടുന്നു. “ക്രിസ്തു ആളുകളെ വിളിച്ചത് ഒരു മതത്തിലേക്കായിരുന്നില്ല, ഒരു പുതിയ ജീവിതത്തിലേക്കായിരുന്നു” എന്ന വസ്തുതയെ ഊന്നിക്കൊണ്ടാണ്, ഗ്രന്ഥകാരൻ “സ്വർഗ്ഗരാജ്യം എന്ന നാഗരികതയെ” പരിചയപ്പെടുത്തുന്നത്. യഹൂദാ ഗ്രീക്കു തത്വചിന്തകളും നിയോ പ്ലറ്റോണിസവും എല്ലാം അദ്ദേഹം വരച്ചുകാട്ടുന്നു. തീയിസവും എത്തിയിസവും പാന്തെയിസവും ദൃശ്യാദൃശ്യവീക്ഷണവും എല്ലാം നിർവ്വചിച്ചു വിവരിക്കുന്നു. സൃഷ്ടിയുടെ കഥ മുതൽ ക്രിസ്തുവിനു ശേഷമുള്ള സഭാചരിത്രവും പരലോക ഇഹലോക ശാസ്ത്രകാവ്യ വീക്ഷണങ്ങളും എല്ലാം ഇവിടെ അപഗ്രഥിക്കപ്പെടുന്നു. വിശ്വാസങ്ങളെ വസ്തുതകളായി വരച്ചുകാട്ടുന്നത് കപടതയാണെന്ന് ഊന്നിപ്പറയുന്നു. ദൈവവും ലോകവുമായി ബന്ധപ്പെടുത്തി ഗ്രന്ഥകർത്താവ് ചില സമവാക്യങ്ങൾ നിരത്തിവെയ്ക്കുന്നു, വായനയെ അനായാസമാക്കാനായി. ദൈവനിയമങ്ങൾ പാലിക്കാതെ, “വിശ്വസിച്ചാൽ നീതിമാനാകും”, എന്ന വഴിതെറ്റിയ, നിർജ്ജീവമായ വിശ്വാസത്തെ ഗ്രന്ഥകാരൻ എടുത്തു കാണിക്കുന്നു. യാക്കോബ് 2:17 ഉദ്ധരിച്ചുകൊണ്ട് – ഇതുപോലെ തെളിവുകൾ നിരത്തിക്കൊണ്ട്, ചരിത്രത്തിലൂടെ സഞ്ചരിച്ചുകൊണ്ട്, അനേക തെറ്റിദ്ധാരണകളെ വെളിപ്പെടുത്തുകയും തൽസ്ഥാനത്ത് ശരികളെ പുന:സ്ഥാപിക്കാൻ സഹായിക്കുന്നതുമാണ് ഈ ഗ്രന്ഥം.

കാലടി ശിവശങ്കര ക്ഷേത്രത്തിനു മുന്നിൽ ഭക്ത്യാദരപൂർവ്വം കൂപ്പു കൈകളുമായി നിൽക്കുന്ന പൗലൂസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ചിത്രം പത്രത്തിൽ കണ്ട ചില യാഥാസ്തിക ക്രിസ്ത്യാനികളുടെ പ്രകോപനം ഗ്രന്ഥകാരൻ ഓർമ്മപ്പെടുത്തുന്നു. പല പതിറ്റാണ്ടുകൾ കഴിഞ്ഞ് മാതാ അമൃതാനന്ദമയിയുടെ ജന്മദിനാഘോഷ ചടങ്ങിലെ പ്രസംഗത്തെ നിശിതമായി വിമർശിച്ച് ചെളിവാരിയെറിയുന്ന ചില ക്രിസ്തീയ മതതീവ്രവാദികളെ ഈയിടെ കാണുകയുണ്ടായല്ലോ. ഈ അസഹിഷ്ണുക്കളെ ഒക്കെ വെളിച്ചം കാണിക്കാൻ “സ്വർഗ്ഗരാജ്യം ഭൂമിയിൽ” എന്ന ഈ പുസ്തകത്തിന് സാധിക്കുമെന്ന് വിശ്വസിക്കുന്നു. “ആരാണ് സാക്ഷാൽ ക്രിസ്ത്യാനി?” എന്ന വിഷയം സമഗ്രമായി

കൈകാര്യം ചെയ്യുന്നതിൽ ഗ്രന്ഥകാരൻ വിജയിച്ചു എന്നുവേണം കരുതാൻ.

ഈ പുസ്തകത്തിലെ പ്രാധാന്യമർഹിക്കുന്ന ചില ചിന്തകളെ ഗ്രന്ഥകാരന്റെ വാക്കുകളിൽ തന്നെ സമർപ്പിക്കട്ടെ. "സർവ്വസൃഷ്ടികളുമാണ് യഥാർത്ഥ ആരാധനാ സമൂഹം. ലോകമാകുന്ന ദേവാലയത്തിൽ സർവ്വ സൃഷ്ടികളും ദൈവത്തെ മഹത്വപ്പെടുത്തുന്നതിന്റെ പ്രതീകം എന്ന നിലയിലല്ലാതെ, ദേവാലയത്തിലെ ആരാധനഅതിൽ തന്നെ ആരാധനയല്ല. ദൈവ സന്നിധിയിൽ സർവ്വസൃഷ്ടിയേയും പ്രതിനിധാനം ചെയ്യുന്ന ക്രിസ്തു എന്ന യഥാർത്ഥ പുരോഹിതനും തന്നിൽ തന്നെ പുരോഹിതനല്ല. സഭ ക്രിസ്തുവിന്റെ പ്രതീകമല്ല. മറിച്ച് അദൃശ്യനായ ക്രിസ്തു വിനെലോകത്തിൽ പ്രകടമാക്കുന്ന ദൃശ്യമായ ശരീരമാണ്" ഇങ്ങനെശ്രീമാൻ ജോൺ കുന്നത്ത് ഉപസംഹരിക്കുന്നത്, യഥാർത്ഥ ആരാധനാ സമൂഹം, പുരോഹിത പ്രതീകം, സഭ ഇവയെ യുക്തിഭദ്രമയി നിർവ്വചിച്ചുകൊണ്ടാണ്. ഇന്ന് ക്രിസ്തു സഭ നേരിടുന്ന അന്ധവിശ്വാസികളുടേയും അന്ധ അവിശ്വാസികളുടേയും ആത്മീയ ബഹളക്കാരുടേയും കറുത്ത കൈകളിൽ നിന്ന് സ്നേഹ സൗഹാർദ്ദങ്ങളെ രക്ഷിച്ചെടുക്കാനും, ലോകമാസകലം പങ്കുചേരാവുന്ന "സ്വർഗ്ഗരാജ്യം എന്ന നാഗരികത" പടുത്തുയർത്താനും ഈ ആഖ്യാനം സഹായിക്കട്ടെ. ആഖ്യാതാവായ ശ്രീമാൻ ജോൺ കുന്നത്തിൽ, ഇതുപോലെ ചിന്തോദ്ദീപകമായ കൂടുതൽ രചനകൾ നടത്താൻ സാധിക്കട്ടെ എന്നാശംസിക്കുന്നു.

തോമസ് കളത്തൂർ